**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3547** — **12/05/2017 ൽ മറുപടിയ്ക്ക്**

# കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപെക്സിന്റെയും അധീനതയിൽ ഉള്ള ഫാക്ടറികൾ

**ചോദ്യം**
**ശ്രീമതി.പി.അയിഷാ പോറ്റി**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപെക്സിന്റെയും അധീനതയിൽ എത്ര ഫാക്ടറികൾ ഉണ്ട്; | (എ) | കശുവണ്ടി വികസന കോർപറേഷന്റെ അധീനതയിൽ 30 ഉം കാപെക്സിന്റെ അധീനതയിൽ 10 ഉം ഫാക്ടറികൾ ഉണ്ട്. |
| (ബി) | പ്രസ്തുത ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തിയ നിരന്തര ഇടപെടലുകളിലൂടെയും വിവിധ ഗവൺമെന്റ് ഉത്തരവുകൾ വഴി ടെണ്ടർ കണ്ടീഷനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി താല്ക്കാലികമായി കൂടുതൽ വ്യാപാരികൾ ടെണ്ടറിൽ പങ്കെടുക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചതു വഴിയും തോട്ടണ്ടി വാങ്ങി കോർപ്പറേഷൻ ഫാക്ടറികൾ 17/08/2016 തീയതി മുതൽ തുറന്ന് പ്രവർത്തനം ആരംഭിച്ചു. കൂടാതെ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റേയും പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ , രാജപുരം,ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എന്നീ എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK),കൊല്ലം |

| | | | |
|---|---|---|---|
| | | | ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി കൂടാതെ ചെറുകിട കർഷകരിൽ നിന്നും തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനും കാപെക്സും സംയുക്തമായി ഏറ്റെടുത്തിട്ടുള്ളതും കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരികയുമാണ്. കൂടാതെ വിദേശ രാജ്യങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (സി) | മുടക്കമില്ലാതെ എത്ര ദിവസം തൊഴിൽ നൽകുന്നതിനാണ് കോർപ്പറേഷൻ നിലവിൽ തീരുമാനിച്ചിട്ടുള്ളത്; | (സി) | തോട്ടണ്ടി ലഭ്യതയ്ക്കനുസരിച്ച് പരമാവധി തൊഴിൽദിനങ്ങൾ നൽകുന്നതിനാണുദ്ദേശിക്കുന്നത്. |
| (ഡി) | തൊഴിൽ നൽകുന്നതിനായി കശുവണ്ടി ലഭ്യത ഉറപ്പു വരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ | (ഡി) | തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തദ്ദേശീയ തോട്ടണ്ടി സംഭരിക്കുന്നതിന് കോർപ്പറേഷനും കാപെക്സിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സംഭരണ നടപടികൾ ഇതിനകം തന്നെ ആരംഭിച്ച് കഴിഞ്ഞു ഇതിന്റെ ഭാഗമായി കൃഷി വകുപ്പിന്റേയും പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എന്നീ എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK),കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടിയും ചെറുകിട കർഷകർ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടിയും സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കോർപ്പറേഷനും കാപെക്സും സംയുക്തമായി ഏറ്റെടുത്ത് നടത്തി വരികയാണ്. ആഭ്യന്തരമായി ഉല്പാദി |

| | | | |
|---|---|---|---|
| | | | പ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തി വരുന്നത്. കൂടാതെ വിദേശ രാജ്യങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് ഒരു ഉന്നതതല വില നിർണ്ണയ സമിതി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ